I ഇ.ബി. XI-കേരള നിയമസഭ/V4

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

2003 ജനുവരി 29, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ശ്രദ്ധക്ഷണിക്കൽ

1. പരംപരാഗത വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

**ശ്രീ. എം. വി. ജയരാജൻ**: പരംപരാഗത വ്യവസായ മേഖലകളെയാകെ തകർക്കുന്ന നയങ്ങളാണ് സംസ്ഥാന സർക്കാർ തുടർന്നു വരുന്നത്. ഈ മേഖലയിൽ ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും ദരിദ്ര ജനവിഭാഗങ്ങളാണ്. രണ്ടാം ഘട്ടം സാംപത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയപ്പോൾ തൊഴിലാളികളുടെ ക്ഷേമവും ഐശ്വര്യവും തിരസ്കരിക്കുകയാണ് ചെയ്തത്. ആഗോള നിക്ഷേപക സമ്മേളനം പരംപരാഗത മേഖലയാകെ തിരസ്കരിച്ചു. പരംപരാഗത വ്യവസായ മേഖലയിൽ വിവിധ വിഭാഗങ്ങളിലായി 29 തൊഴിലാളികൾ പട്ടിണിയും ദുരിതവും കടബാദ്ധ്യതയും മൂലം ആത്മഹത്യ ചെയതു. പരംപരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും തൊഴിലാളികളെ പട്ടിണിയിൽനിന്നും സംരക്ഷിക്കുവാനുമുള്ള നടപടി സ്വീകരിച്ചി ല്ലെങ്കിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കും. രണ്ട് ലക്ഷത്തോളം തൊഴിലാളികള് പണിയെടുക്കുന്ന കൈത്തറി മേഖലയ്ക്ക് നല്കിയിരുന്ന സാപത്തിക സഹായങ്ങളും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നല്കിവന്നിരുന്ന വിഹിതവും സർക്കാർ നിറുത്തലാക്കിയത് പുനഃസ്ഥാപിക്കണം

വികസനം, വൈവിദ്ധ്യവൽക്കരണം, നവീകരണം, വിപണനം തുടങ്ങിയ രംഗങ്ങളിൽ ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. കയർ മേഖലയിൽ കയർ വ്യവസായത്തിന്റെ സംരക്ഷണത്തിനു വേണ്ടി 100 കോടി രൂപ സർക്കാർ അടിയന്തിരമായി കണ്ടെത്തണം. മിനിമം എക്സപോർട്ട് പ്രൈസും പർച്ചേസ് പ്രൈസും പുന:സ്ഥാപിക്കണം. കയർ തൊഴിലാളികളുടെ നിഷേധിച്ച പെൻഷൻ നല്കണം. ക്ഷേമനിധി ബോർഡ് പുന: സംഘടിപ്പിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഒരു ദിവസം പോലും തുറന്ന് പ്രവർത്തിക്കാത്തതുമൂലം കശുവണ്ടി മേഖലയിലെ 33,000 തൊഴിലാളികൾ പട്ടിണിയിലാണ്. സ്വകാര്യ മുതലാളിമാരുടെ ഫാക്ടറിയിൽ കുറഞ്ഞകൂലിക്ക് ജോലിയെടുക്കാൻ നിർബന്ധിത രാകുന്നതുമൂലം അവരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും കവർന്നെടുക്ക പ്പെടുന്നു. ഖാദി മേഖലയിൽ നല്കിക്കൊണ്ടിരുന്ന റിബേറ്റ് കുടിശ്ശിക ഉൾപ്പടെയുള്ള സഹായ പദ്ധതികൾ അടിയന്തിരമായി നല്കണം. പരിമിതമായ കൂലി വർദ്ധനവിനുള്ള കരാർ അടിയന്തിരമായി നടപ്പിലാക്കണം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ദിനേശ് ബീഡി വ്യവസായത്തിന് എക്സൈസ് ഡ്യൂട്ടി ഇളവ് ലഭ്യമാക്കണം. നിലവിലുള്ള പ്രതിസന്ധി തരണം ചെയ്യാൻ ദിനേശ് ബീഡി സ്ഥാപനത്തിന് ഒരു കോടി രൂപയെങ്കിലും അടിയന്തിരമായി നല്കണം. ജിം–ൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കടൽ–മണൽ–ഖനന പദ്ധതി സംബന്ധിച്ച് എം.ഒ.യു. പിൻവലിച്ച് പരംപരാഗത മേഖലയിലുള്ള ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി **(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി):** പരംപരാഗത വ്യവസായ മേഖലയിൽ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പഴയ കാലത്തെ പോലെ മൽസരിച്ച് വിപണി കണ്ടെത്താനും വേണ്ടതരത്തിൽ പെർഫോം ചെയ്യാനും സാധിക്കുന്നില്ല.

പരിഹരിക്കുന്നതിനുവേണ്ടി കുറച്ചു കാലത്തേയ്ക്ക് സബ്സിഡിയും സാംപത്തിക സഹായവുമൊക്കെ നല്കുന്നുണ്ടെങ്കിലും അതൊന്നും ശാശ്വത പരിഹാരമാവുന്നില്ല. കൈത്തറി മേഖലയിൽ ഉല്പാദനചെലവ് വളരെ കൂടുതലാണ്. കുറഞ്ഞ വിലയക്ക് കൂടുതൽ മെച്ചപ്പെട്ട സാധനങ്ങൾ മാർക്കറ്റിൽ സുലഭമായി ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ എത്ര പണം മുടക്കിയാലും കൈത്തറി മേഖലയയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയില്ല. . കരകൗശല രംഗത്ത് ലോകത്തിന്റെ നാനാഭാഗത്തുനിന്നും ആകർഷണീയമായിട്ടുള്ള സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് മാർക്കറ്റിൽ ലഭ്യമാകുന്നുണ്ട്. . ഈ രംഗത്തൊക്കെ മൽസരം വന്നു കഴിഞ്ഞാലും നമ്മുടെതായ പ്രശ്നങ്ങൾ വേറെയുമുണ്ട്.. കശുവണ്ടി മേഖലയിലെ പ്രശ്നത്തിന് പ്രധാന കാരണം ലോകമാർക്കറ്റിൽ പെട്ടെന്നുണ്ടായ വിലയിടിവാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പണി എടുക്കുന്നതുകൊണ്ട് ഈ മേഖലയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്ത് ചെയ്യാൻ പറ്റുമെന്നുള്ളത് വിഷമകരമായ ഒരു പ്രശ്നമാണ്. കാപ്പക്സ് കഴിഞ്ഞ വർഷം ഏകദേശം 20 മുതൽ 34 ദിവസംവരെ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചു. കാഷ്യൂ കോർപ്പറേഷന്റെ കാര്യത്തിൽ ധാരാളം ഇറെഗുലാരിറ്റീസ് നിലനിൽക്കുന്നതു കൊണ്ട് ഗവൺമെന്റ് കൊടുത്ത 12 കോടി രൂപ ചെലവഴിക്കാൻ കഴിയാതിരിക്കുകയാണ്. കൈത്തറി മേഖലയിൽ ചില കാര്യങ്ങൾ ചെയ്യാനുദ്ദേശമുണ്ട്. അതാണ് പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് പുതിയ സമീപനം സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറയാൻ കാരണം. സബ്സിഡി കൊടുത്തതുകൊണ്ടോ സാമ്പത്തികസഹായം നൽകിയതുകൊണ്ടോ മാത്രം ഈ മേഖലയെ രക്ഷപ്പെടുത്താൻ കഴിയുകയില്ല. അതൊക്കെ എല്ലാ കാലത്തും ചെയ്യുന്നതുപോലെ ഇപ്പോഴും ചെയ്യുന്നുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. കയർ, ബീഡി,ഖാദി വ്യവസായ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പരമ്പരാഗത വ്യവസായ മേഖലയ്ക്ക് പ്രത്യേക ശ്രദ്ധയും

പുലർത്തും. ഈ മേഖലയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കുറച്ചുകൂടി മെച്ചപ്പെട്ട സമീപനരീതിയും പ്രവർത്തനരീതിയും വരുംനാളുകളിൽ പ്രതീക്ഷിക്കാവുന്നതാണ്. എല്ലാവരുമായി ആലോചിച്ചശേഷമേ കടൽമണൽ ഖനന കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുക്കുകയുള്ളൂ. ഏത് പ്രോജക്ടാണെങ്കിലും ആ പ്രോജക്റ്റിനെക്കുറിച്ച് വേണ്ടവിധത്തിൽ ചർച്ച നടത്തി സംസ്ഥാനത്തിന്റെ വരുംവരായ്കകളെക്കുറിച്ച് ആലോചിച്ചിട്ടേ തീരുമാനമെടുക്കുകയുള്ളൂ. പരമ്പരാഗത വ്യവസായമേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അടിമുടി പരിശോധിച്ച് ആധുനികവൽക്കരണം ഉൾപ്പെടെയുള്ള പുനരധിവാസ നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

2. <u>വിലക്കുറവുമൂലം കാപ്പി-തേയില കർഷകരും തൊഴിലാളികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

**<u>ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ</u>**: കാപ്പിയുടേയും തേയിലയുടേയും വിലക്കുറവുമൂലം വയനാട് ജില്ലയിലെ കർഷകർ ഇന്ന് അതിഭീതിജനകമായ സാമ്പത്തികത്തകർച്ചയെ നേരിടുകയാണ്. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. വയനാട് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും അതൊന്നും പ്രായോഗികമാകുന്നില്ല. 6 കോടി രൂപയുടെ ഒരു പാക്കേജ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ട് ഹെക്ടർ വരെയുള്ളവർക്ക് ആനുകൂല്യം നൽകണമെന്നും അവ വിതരണം ചെയ്യുന്നതിലുള്ള അപാകത പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും കൃഷിവകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടും പരിഹാരമുണ്ടായിട്ടില്ല. കൃഷിക്കാരുടെ പ്രശ്നങ്ങൾ ഓരോ ദിവസം കഴിയുംതോറും ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുന്നു. നിലവിലുള്ള പാക്കേജ് പദ്ധതി അപ്രായോഗികമായതിനാൽ അത് പുന:പരിശോധിക്കുകയും രണ്ട് ഹെക്ടർ വരെയുള്ളവർക്ക് ആനുകൂല്യം നൽകണമെന്നുള്ള ഉത്തരവിറക്കുകയും ചെയ്യണം. മറ്റ് ജില്ലകളിലെപ്പോലെ വയനാട് ജില്ലയിലും കർഷകർക്ക് അവരുടെ മരങ്ങൾ മുറിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരണം. കാർഷികോൽപ്പാദന

ച്ചെലവ് ഓരോ ദിവസം കഴിയുംതോറും കൂടിക്കൊണ്ടിരിക്കുന്നു. വയനാട് ജില്ലയെ സാമ്പത്തികത്തകർച്ചയിൽ നിന്ന് രക്ഷിക്കാനാവശ്യമായ അടിയന്തിരനടപടിയുണ്ടാകണം.

**മുഖ്യമന്ത്രി** **<u>(ശ്രീ. എ. കെ. ആന്റണി):</u>** കഴിഞ്ഞ നാലഞ്ച് വർഷമായിട്ട് കേരളത്തിലെ കാർഷികമേഖല ചരിത്രത്തിലുണ്ടാകാത്ത വിധത്തിലുള്ള തകർച്ചയെ നേരിടുകയാണ്. നാളികേരം, റബ്ബർ, നെല്ല് എന്നീ മേഖലകളിലാണ് ഏറ്റവും കൂടുതൽ ഉൽപ്പാദനം നടക്കുന്നത്. ഉൽപ്പാദനം കുറവായ കാർഡമം മേഖലയിലെ സ്ഥിതി വളരെ മെച്ചപ്പെട്ടതിന്റെ ഫലമായി കാർഷികമേഖലയിൽ പൊതുവേ ചെറിയൊരു പ്രതീക്ഷ നൽകുന്ന അന്തരീക്ഷമുണ്ടായിട്ടുണ്ട്. കാർഷികമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനുവേണ്ടി സംസ്ഥാനഗവൺമെൻറിനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന നടപടികളെ ടുക്കാൻ ശ്രമിക്കുന്നുണ്ട്. തേയില, കാപ്പി, അടയ്ക്ക, ഇഞ്ചി എന്നീ കാർഷിക വിളകൾക്കുള്ള വിലക്കുറവ് പരിഹരിക്കാൻ സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നിരന്തരം സമ്മർദ്ദം ചെലുത്തി വരികയാണ്. തേയിലയുടെ വിലയിൽ ഒരു കിലോഗ്രാമിന് 2-3 രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്. കൂടുതൽ ആശ്വാസ നടപടികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൂട്ടായി ആലോചിച്ച് ചെയ്യാവുന്നതൊക്കെ ചെയ്യുന്നതാണ്. കേരളത്തിലെ എം.പി.മാരുടെ സഹകരണവും ഇക്കാര്യത്തിൽ തേടുന്നതാണ്. കമ്പനികളൊഴിച്ചുള്ള തോട്ടം മേഖലയെ ഈ അസസ്സ്മെന്റ് വർഷത്തിലും പ്ലാന്റേഷൻ ടാക്സിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നികുതി സംബന്ധിച്ച് നിലവിലുള്ള അപ്പീലിന്മേൽ തീർപ്പ് കൽപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. തോട്ടം മേഖലയിലുള്ള ആശുപത്രികളിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കാനും ഫുഡ് ഫോർ വർക്ക്മെൻ സ്കീമിൽപ്പെടുത്തി ഓരോ കുടുംബത്തിനും ഒരാഴ്ചയിൽ പത്ത് കിലോഗ്രാം അരി വീതം കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ പദ്ധതി പ്രകാരം ബ്ലക്ക്

പൂട്ടിക്കിടക്കുന്ന കമ്പനികൾ തുറപ്പിക്കാൻ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒന്നാം ഘട്ട ചർച്ച നടത്തി, ഇനിയും ചർച്ച തുടരാൻ ഉദ്ദേശിക്കുന്നു. ഈ മേഖലയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്ന് ഏഴേകാൽ ലക്ഷം രൂപ ചെലവാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഗ്രാറ്റ്യുവിറ്റി, വർക്ക്മെൻ കോമ്പൻസേഷൻ കേസുകൾ തീർപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മരം മുറിക്കൽ പ്രശ്നത്തിൽ ഹൈക്കോടതി ഉത്തരവ് പ്രകാരം അവിടത്തെ തൊഴിലാളികൾക്കുണ്ടായിട്ടുള്ള പ്രയാസം പരിഹരിക്കുന്നതിനായി ഈ സമ്മേളനത്തിൽ തന്നെ ഒരു നിയമ നിർമ്മാണം നടത്താനാണുദ്ദേശിക്കുന്നത്. കാപ്പി, തേയില, ഇഞ്ചി, അടയ്ക്ക എന്നിവയുടെ വിലയിടിവിന് ഒരു ആശ്വാസ നടപടി എന്ന നിലയിൽ ഒരു സ്പെഷ്യൽ പാക്കേജായി അനുവദിച്ച 95 കോടി രൂപയിൽ കാപ്പിക്ക് 6 കോടി രൂപയും കുരുമുളകിന് 5 കോടി രൂപയും അടയ്ക്കയ്ക്ക് 10 കോടി രൂപയും ഇഞ്ചിക്ക് പർച്ചേസ് ടാക്സിനത്തിൽ 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സീസണിൽ അടയ്ക്കയ്ക്ക് പണം യഥാസമയം ലഭിക്കാത്തതിനാൽ സംഭരണം നടന്നില്ല,. അതിനാൽ ഈ പദ്ധതി ഒരു വർഷത്തേക്ക് കൂടി നീട്ടാനും കാപ്പി, അടയ്ക്ക എന്നിവയ്ക്ക് കഴിഞ്ഞ വർഷത്തെ സബ്സിഡി വിതരണം ചെയ്യാനും നടപടിയെടുത്തിട്ടുണ്ട്. കൃഷി വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്.

## സബ്മിഷൻ

### (1) സ്വാശ്രയ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച ഹൈക്കോടതി വിധി മൂലം ഉളവായിരിക്കുന്ന പ്രശ്നങ്ങൾ

**ശ്രീ. മത്തായി ചാക്കോ:** സ്വാശ്രയ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച് കേരളാ ഹൈക്കോടതി പുറപ്പെടുവിച്ച വിധി പ്രകാരം 75 ശതമാനം

മാനേജുമെന്റും 25 ശതമാനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽനിന്നും നിയമനം നൽകണമെന്നാണ്. രണ്ടാഴ്ചയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണർ ലിസ്റ്റ് കൊടുത്തില്ലെങ്കിൽ അത് കൂടി മാനേജുമെന്റിന് പ്രവേശിപ്പിക്കാം. 2003, ജനുവരി 3-ാം തീയതി പ്രവേശന പരീക്ഷാ കമ്മീഷണർ 5-ാം ഘട്ടം അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അതനുസരിച്ച് 150-ഓളം വിദ്യാർത്ഥികൾക്ക് പ്രവേശനം കിട്ടാതെ പുറത്ത് പോകേണ്ടിവരും. 3500-ഓളം കുട്ടികൾക്ക് ഇതിന്റെ ബുദ്ധിമുട്ട് അനുഭവപ്പെടും. രണ്ട് സ്വാശ്രയ കോളേജുകൾ അനുവദിച്ചാൽ ഒരു സർക്കാർ കോളേജിന് തുല്യമാകുമെന്നാണ് സർക്കാരിന്റെ അഭിപ്രായം. സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് മാനേജുമെന്റ് സീറ്റ് ഒന്നിന് വാങ്ങാവുന്ന തുക നിശ്ചയിച്ചുകൊണ്ട് 2002 ഒക്ടോബർ മാസം 31-ന് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. TMA. Pai Foundation and others എന്ന കേസിൽ 31.10.2002-ലെ സുപ്രീം കോടതി വിധിയെത്തുടർന്ന് 2002 ഡിസംബർ മാസം 19-ാം തീയതി സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച റെഗുലേഷൻ ഹൈക്കോടതി റദ്ദാക്കിയിരിക്കുകയാണ്. യഥാർത്ഥത്തിൽ മേൽപ്പറഞ്ഞ കേസിൽ ഗവൺമെന്റ് ഒത്തുകളി നടത്തിയിരിക്കുകയാണ്. അഡ്വക്കേറ്റ് ജനറലിന് പകരം നിയമവകുപ്പ് തന്നെ കോടതിയിൽ ഹാജരായിരിക്കുന്നു. പ്രഖ്യാപിത നിലപാടിന് വിരുദ്ധമായി ഭരണഘടനയുടെ 19(1)(ജി) അനുച്ഛേദം വ്യവസ്ഥ ചെയ്തിട്ടുള്ള വാണിജ്യത്തിലുള്ള അവകാശത്തിൽ വിദ്യാഭ്യാസം ഉൾപ്പെടുത്തണമെന്നും ഉണ്ണിക്കൃഷ്ണൻ കേസ്സിലെ വിധി പുന:പരിശോധിക്കണമെന്നും കേരള ഗവൺമെന്റ് ഹൈക്കോടതിയിൽ ആവശ്യപ്പെട്ടു. ഈ രണ്ട് കാര്യങ്ങളും സംസ്ഥാന ഗവൺമെന്റിന്റെ നയപരമായ അംഗീകാരത്തോടുകൂടിയാണോ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കണം.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):** മെഡിക്കൽ അഡ്മിഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. തിരുവല്ല പുഷ്പഗിരി മെഡിക്കൽ

ശതമാനം സീറ്റിലേയും അഡ്മിഷന്റെ അവകാശം വേണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഒരു ജഡ്ജ്മെന്റിലൂടെ 75 ശതമാനം സീറ്റ് മാനേജ്മെന്റിനും 25 ശതമാനം സീറ്റ് ഗവൺമെന്റിനും നീക്കിവച്ചു.

"T.M.A.Pai Foundation and others" കേസിൽ വന്ന വിധിയെ അടിസ്ഥാനമാക്കിയാണ് ഈ രണ്ട് മാനേജ്മെന്റുകളും കോടതിയെ സമീപിച്ചത്. മാത്രമല്ല, ലോക്കൽ നീഡ്സ് പ്രകാരം മാനേജുമെന്റ് സീറ്റുകൾ പെർസന്റേജ് അനുസരിച്ച് കൊടുക്കണമെന്നും സുപ്രീം കോടതി വിധിച്ചിരുന്നു. അത്തരത്തിൽ ഹൈക്കോടതിയും സുപ്രീം കോടതിയും 75 ശതമാനം സീറ്റ് മാനേജ്മെന്റിന്റെ അവകാശമായി തീരുമാനിച്ചു. ഇതിനെതിരെ ഗവൺമെന്റ് റിവ്യു കൊടുക്കണമോ അപ്പീൽ കൊടുക്കണമോ എന്ന് നിയമോപദേശം തേടിയിരിക്കുകയാണ്. രണ്ട് ആഴ്ചയ്ക്കുള്ളിൽ ബാക്കി 25 ശതമാനം സീറ്റിന്റെ കാര്യത്തിൽ എൻട്രൻസ് പരീക്ഷാ കമ്മിഷണറേറ്റ് തീരുമാനമെടുത്ത് ലിസ്റ്റ് കൊടുത്തിട്ടില്ലെങ്കിൽ ആ സീറ്റും മാനേജ്മെന്റുകൾക്ക് കൊടുക്കാമെന്നും പറഞ്ഞിട്ടുണ്ട്.. സ്റ്റേറ്റിലെ വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രശ്നമായതിനാൽ ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു പ്രഖ്യാപിത നയമുണ്ട്. സ്വാശ്രയ മേഖലയിൽ ഏത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചാലും 50 ശതമാനം സീറ്റുകൾ ഗവൺമെന്റിനും ബാക്കി മാനേജ്മെന്റിനുമാണ്. അതിന് വിരുദ്ധമായി മാനേജ്മെൻറ് പ്രവർത്തിച്ചാൽ അത് പ്രൊട്ടക്ട് ചെയ്യാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്.. നിയമപരമായി സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്യും. റെഗുലേഷൻസ് പാലിക്കാത്ത മാനേജ്മെന്റുകളുടെ അംഗീകാരം പിൻവലിക്കുമെന്ന തമിഴ്നാട് ഗവൺമെന്റിന്റെ നിലപാട് വേണ്ടിവന്നാൽ ഈ ഗവൺമെന്റും സ്വീകരിക്കുന്നതാണ്. ഈ മാസം 31-ാം തീയതി അവസാനിക്കുന്ന അലോട്ട് ചെയ്ത എൻട്രൻസ് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുക്കാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ** : ഗവൺമെന്റും മാനേജ്മെന്റും ഈ കേസിൽ ഒത്തുകളി നടത്തുന്നു. മാനേജ്മെന്റ് ഇപ്പോൾ എടുത്തിരിക്കുന്ന നിലപാടിനെതിരായി ഗവൺമെന്റ് കർശനമായ നിലപാട് സ്വീകരിക്കുമെന്ന് പറഞ്ഞു. ഗവൺമെന്റിന്റെ പ്രഖ്യാപിത നയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഒരു കോളേജും സംസ്ഥാനത്ത് അനുവദിക്കാൻ പാടില്ല. ആ കാര്യത്തിൽ ഗവൺമെന്റുമായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. എന്നാൽ നിയമ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാട് തെറ്റാണ്.

**മി. സ്പീക്കർ**: ഒരു കാരണവശാലും മാനേജ്മെന്റ് നിലപാട് അംഗീകരിക്കുക യില്ലെന്ന് സർക്കാർ വെളിപ്പെടുത്തിക്കഴിഞ്ഞു. ഇക്കാര്യത്തിൽ സഭയും ഗവൺമെന്റി നോടൊപ്പം ഒറ്റക്കെട്ടായി നിൽക്കണം.

2. ഒറ്റപ്പാലം –മായന്നൂർ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ

**ശ്രീ. വി സി. കബീർ**: 31.3.2001–ൽ ഭരണാനുമതി നൽകി 1530 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ പണി ഏല്പിച്ച ഒറ്റപ്പാലം–മായന്നൂർ പാലത്തിന്റെ പണി മുടങ്ങിക്കിടക്കുന്നു. പാലത്തിന്റെ പണി പൂർത്തിയാക്കാൻ ആവശ്യമായ തുക അടിയന്തിരമായി അനുവദിച്ച് പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണം.

**പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ.എം.കെ.മുനീർ)**: സംസ്ഥാനത്ത് നിലനിന്നിരുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ഒറ്റപ്പാലം – മായന്നൂർ പാലത്തിന്റെ പണി മുന്നോട്ടു കൊണ്ടുപോകാൻ നിവൃത്തിയില്ലാതെ നിറുത്തി വയ്ക്കേണ്ടി വന്നു. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഈ വർഷം കൊടുത്ത 54 ലക്ഷം രൂപ ഉൾപ്പടെ ആകെ 250 ലക്ഷത്തോളം രൂപ ഇതിനകം നൽകിയിട്ടുണ്ട്. 445 ലക്ഷത്തോളം രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. 2003–2004–ൽ

തന്നെ ഈ പാലത്തിന്റെ പണി ആരംഭിക്കാൻ ആവശ്യമായ തുക മാറ്റിവയ്ക്കാമെന്ന് ധനകാര്യവകുപ്പ് സമ്മതിച്ചിട്ടുണ്ട്. ശേഷിക്കുന്ന പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ 1500 ലക്ഷം രൂപ ഹഡ്കോയിൽനിന്ന് വായ്പയെടുക്കാൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

3. <u>കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ</u>

**<u>ശ്രീ. എഴുകോൺ നാരായണൻ</u>** : സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ ജോലി ചെയ്തിരുന്ന കൊടും പട്ടിണിയും യാതനയും അനുഭവിക്കുന്ന ഇരുപതിനായിരത്തോളം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും കോടതി വിധിപ്രകാരം നിയമാനുസൃതമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും നടപടിയുണ്ടാകണം.

**വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. <u>കുഞ്ഞാലിക്കുട്ടി):</u>** സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കേരള സംസ്ഥാന കാഷ്യു വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ ഉടൻ തന്നെ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നാണ് ഗവണ്മെന്റിന്റെ പ്രതീക്ഷ. സുപ്രീം കോടതി വിധി അനുസരിച്ചുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുത്തുകൊള്ളണമെന്ന വ്യവസ്ഥ കശുവണ്ടി ഫാക്ടറി മുതലാളിമാർ പാലിക്കാത്തതിനെത്തുടർന്ന് അതിനെതിരായി കണ്ടെംപ്റ്റ് ഓഫ് കോർട്ട് മൂവ് ചെയ്യാൻ സർക്കാർ ആലോചിക്കുകയാണ്. തൊഴിലാളികളുടെ കാര്യങ്ങളിൽ ഗവണ്മെന്റ് കഴിവതും ശ്രദ്ധിക്കുന്നതാണ്.

4. <u>കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ്.</u>

**<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :</u>** ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള വടക്കേ മലബാറിലെ കൊറ്റി–കോട്ടപ്പുറം ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. . ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജലഗതാഗത വകുപ്പിന്റെ ഓഫീസ് തൃക്കരിപ്പൂർ പഞ്ചായത്ത് സൗജന്യമായി നൽകാൻ തയ്യാറായ സ്ഥലത്ത് മാറ്റിസ്ഥാപിക്കണം. ഫൈബർ ബോട്ടുകൾ ഉപയോഗിച്ച് സർക്കുലർ സർവ്വീസ് ആരംഭിക്കാൻ സർക്കാർ തയ്യാറാകണം.

**ഗതാഗതവകുപ്പുമന്ത്രി (ശ്രീ<u>. കെ. ബി. ഗണേഷ്കുമാർ</u>):** കൊറ്റി–കോട്ടപ്പുറം മേഖലയിൽ ഇപ്പോൾ രണ്ട് ബോട്ട് സർവ്വീസുകളാണുള്ളത്. തൃക്കരിപ്പൂർ പഞ്ചായത്തിൽ സൗജന്യമായി ലഭ്യമാക്കിയിട്ടുള്ള സ്ഥലത്തേക്ക് ഇതിന്റെ ഓഫീസ് മാറ്റുന്നതിന് ബഹുമാനപ്പെട്ട അംഗം എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ച് നൽകാമെന്ന് ഉറപ്പു തന്നിട്ടുള്ളതിനാൽ ഫെബ്രുവരി മാസത്തിൽ അത് സാദ്ധ്യമാക്കുന്നതാണ്. ഫൈബർ ബോട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇപ്പോഴുള്ള ബോട്ടുകൾ മാറ്റി ഫൈബർ ബോട്ട് സർവ്വീസാക്കും. ബഹുമാനപ്പെട്ട അംഗവുമായി ചർച്ച ചെയ്ത് ഷെഡ്യൂളുകൾ പുന:ക്രമീകരിക്കണമെന്ന് വാട്ടർ ട്രാൻസ്പോർട്ട് ഡയറക്ടർക്ക് ഇതിനകം ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. <u>മലങ്കര യാക്കോബായ സഭയിൽ നിലനിന്നിരുന്ന തർക്കങ്ങൾ</u>

**<u>ശ്രീ. വി.ജെ. പൗലോസ്</u>** : മലങ്കര–യാക്കോബായ ഓർത്തഡോക്സ് സഭകൾ തമ്മിൽ നിലനിൽക്കുന്ന തർക്ക പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങളിൽ പോലീസ് സ്വീകരിക്കുന്ന വിവേചനപരവും മനുഷ്യത്വരഹിതവുമായ നടപടികൾ മൂലം ഒരു വിഭാഗത്തിന് നീതി നിഷേധിക്കപ്പെടുന്നത് അത്യന്തം ഗുരുതരവും നിർഭാഗ്യകരവുമാണ്. ക്രമസമാധാനപ്രശ്നത്തിന്റെ പേരിൽ ഒരു വിഭാഗം സഭാവിശ്വാസികൾക്ക് ക്രൂരമായ മർദ്ദന മുറകൾ സഹിക്കേണ്ടി വരുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാരിന്റെ സജീവ ശ്രദ്ധയുണ്ടാകണം. ഒരു വിഭാഗം വിശ്വാസികളുടെ

നേരെയുള്ള പോലീസിന്റെ കടന്നുകയറ്റവും അക്രമവും അവസാനിപ്പിക്കാൻ നടപടിയെടുക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)**: ആലുവ പുത്തൻകുരിശ് കന്യാട്ടുകര സെന്റ് ജോൺസ് പള്ളിയിൽ കുർബാന അർപ്പിക്കുന്നതിന് മെത്രാൻ കക്ഷിയിൽപ്പെട്ട ഫാദർ ജോൺ മൂലമറ്റത്തിന് ഹൈക്കോടതി അനുവാദം നൽകുകയും ആയതിന് പോലീസ് സംരക്ഷണം നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതനുസരിച്ച് പോലീസ് നടപടിയെടുത്തു. 2003 ജനുവരി 25-ാം തീയതി സഭാ കക്ഷിയിൽപ്പെട്ട ഫാദർ തോമസ് പുളിക്കൽ, ഫാദർ വർഗ്ഗീസ് സ്ലീബാ വട്ടവേലിൽ എന്നിവരുടെ നേതൃത്വത്തിൽ നൂറ്റി അൻപതിലധികം വരുന്ന സഭാവിശ്വാസികൾ കന്യാട്ടുകര പള്ളിയുടെ ജനാലകൾ തകർക്കുകയും പള്ളിക്കുള്ളിൽ അതിക്രമിച്ച് കടന്ന് കുർബാന ആരംഭിക്കുകയും ചെയ്തു. ഹൈക്കോടതി വിധി അനുസരിക്കണമെന്നും പള്ളിയിൽനിന്നും മാറി പോകണമെന്നുമുള്ള അഭ്യർത്ഥന നിരസിച്ച വൈദികരേയും വിശ്വാസികളേയും നീക്കം ചെയ്യാൻ പോലീസ് ശ്രമിച്ചു. ഒരു വിഭാഗം ആളുകൾ പോലീസിന്റെ കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും , കല്ലെറിയുകയും , പോലീസ് വാഹനത്തിന് കേട് വരുത്തുകയും ചെയ്തു. കല്ലേറിൽ മുവാറ്റുപുഴ ഡി വൈ എസ്.പി. ഉൾപ്പടെ എട്ടു പോലീസുകാർക്ക് പരിക്കുപറ്റി. ഇക്കാര്യത്തിൽ പൊതുമുതൽ നശിപ്പിച്ചതിന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തു. നാലു പ്രതികളെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കി. കോടതി അവരെ ജാമ്യത്തിൽ വിട്ടു. കോടതി നിർദ്ദേശം നടപ്പാക്കുകയാണ് പോലീസ് ചെയ്തത്.

6. <u>വിദേശ മിഷണറിയെ ആക്രമിച്ചത് സംബന്ധിച്ച്</u>

**ശ്രീ. എൻ. രാജൻ:** 13.1.2003-ന് രാത്രി പഴയകുന്നുമ്മൽ ഗ്രാമ പഞ്ചായത്തിലെ പാലിയം പട്ടികജാതി കോളനിയിൽ മതപ്രഭാഷണവും ശുശ്രൂഷയും നടത്തി

മടങ്ങിപ്പോയ അമേരിക്കൻ ബിഷപ്പ് ജോസഫ് കൂപ്പറേയും പാസ്റ്റർ സാംസണേയും കുടുംബത്തേയും ആർ. എസ്. എസ്. പ്രവർത്തകർ ബോംബെറിയുകയും മൃഗീയമായി മർദ്ദിക്കുകയും ചെയ്തു. സംഭവവുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രതികളെ മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി)**: പ്രസ്തുത സംഭവത്തിൽ സ്ഫോടക വസ്തു നിരോധന നിയമപ്രകാരവും കൊലപാതകശ്രമത്തിനും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം കിളിമാനൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും, 9 പ്രതികളെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റു പ്രതികളെ അറസ്റ്റുചെയ്യുന്നതിന് കിളിമാനൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. 1946–ലെ ഫോറിനേഴ്സ് ആക്ടിലെ വിസ നിയമങ്ങൾക്ക് വിരുദ്ധമായി മിഷണറി പ്രവർത്തനം നടത്തിയതിന് അദ്ദേഹത്തോട് ഏഴു ദിവസത്തിനകം ഇൻഡ്യ വിട്ടുപോകാൻ ആവശ്യപ്പെടുകയും 22.1.03–ന് അദ്ദേഹം അമേരിക്കയിലേയ്ക്ക് പോകുകയും ചെയ്തു. ഈ കാര്യത്തിൽ ന്യായമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

7. പരവൂർ തെക്കുംഭാഗം കുഞ്ഞുമോന്റെ കൊലപാതകം

**ശ്രീ. ജി. പ്രതാപവർമ്മ തംപാൻ**: 29.1.2002–ന് പരവൂർ തെക്കുംഭാഗം കുഞ്ഞുമോനെ ബന്ധുക്കളും സുഹൃത്തുക്കളുമായ ചിലർ ചേർന്ന് വീട്ടിൽ നിന്നും വിളിച്ചുകൊണ്ടുപോകുകയും തൊട്ടടുത്ത ദിവസം അദ്ദേഹത്തിന്റെ മൃതദേഹം കായലിൽ കാണപ്പെടുകയുമുണ്ടായി. ഈ സംഭവത്തിൽ കൊലപാതകശ്രമത്തിന് 302–ാം വകുപ്പനുസരിച്ച് കേസ് എടുത്തിട്ടില്ല. കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാനും മുഖ്യപ്രതിയെ പിടികൂടാനും നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ. കെ. ആന്റണി)</u>**: പ്രസ്തുത സംഭവത്തിൽ കുഞ്ഞുമോനോടൊപ്പം ബോട്ടിൽ ഉല്ലാസ യാത്രയ്ക്ക് പോയ സുഹൃത്തുക്കളിൽ മൂന്നുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ഒന്നാം പ്രതിയെ അറസ്റ്റു ചെയ്യുന്നതിന് പരവൂർ പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ഗവൺമെന്റ് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

1. കാര്യോപദേശക സമിതിയുടെ 11–ാമത് റിപ്പോർട്ട്
2. പബ്ളിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയാറു മുതൽ മുപ്പത്തിയാറു വരെയുള്ള റിപ്പോർട്ടുകൾ

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 11–ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

<u>ക്രമ പ്രശ്നം</u>

<u>സ്പീക്കർക്കെതിരായ പരാമർശം</u>

**<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u>** സഭയിലെ അംഗമായ ശ്രീ. ഉമേഷ് ചള്ളിയിലിന്റെ പേരിലുള്ള ഒരു കേസ്സിൽ സഭാദ്ധ്യക്ഷനെക്കുറിച്ച് കേരളാ ഹൈക്കോടതി ഒരു പരാമർശം നടത്തിയത് ദൗർഭാഗ്യകരമാണ്. ഹൗസിന്റെ സമ്മതം കൂടാതെ കോടതിക്ക് ഒരു ഡോക്കുമെന്റ് കൈമാറാൻ സഭാദ്ധ്യക്ഷന് യാതൊരു അവകാശവുമില്ലെന്ന് ശക്ധർ ആന്റ് കൗളിൽ പ്രതിപാദിച്ചിട്ടുണ്ട്. കോടതിക്ക് ഇത് പറയാനുള്ള അവകാശമില്ല. സഭയുടെ അവകാശത്തിൻമേലുള്ള കൈകടത്തൽ തെറ്റാണെന്ന് കോടതിയെ അറിയിക്കാനുള്ള ബാദ്ധ്യത സഭയ്ക്കുണ്ടാകണം.

**<u>മി. സ്പീക്കർ</u>**: ബഹുമാനപ്പെട്ട മെംബർ ഉന്നയിച്ച കാര്യം വളരെ പ്രസക്തമാണ്. സഭയിൽ എല്ലാവരുടെയും ശ്രദ്ധയിൽ പെടുത്തണമെന്നാഗ്രഹിച്ചതാണ്. അല്ലാതെ തന്നെ പറയണമെന്നും ആഗ്രഹിച്ചതാണ്. വളരെ നിർഭാഗ്യകരമായ പരാമർശങ്ങളാണ് ഹൈക്കോടതി സ്പീക്കറെപ്പറ്റിയും സഭയെപ്പറ്റിയും നടത്തിയത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇതിന്റെ വിശദാംശങ്ങൾ അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. സത്യപ്രതിജ്ഞയെക്കുറിച്ച് ശ്രീ. ഉമേഷ് ചള്ളിയിലിനെതിരായ ഒരു കേസ് നിലവിലുണ്ട്. അതിന് എനിക്ക് ആദ്യം സമൺസ് അയച്ചു. ഞാൻ ആ സമൺസ് നിരസിച്ചു. ചട്ടത്തിൽ പറയുന്നത് നിയമസഭാ നടപടികളെക്കുറിച്ചുള്ള കാര്യങ്ങൾക്ക് കോടതി കേസെടുക്കാൻ പാടില്ല എന്നാണ്. നിയമസഭയിൽ സംസാരിക്കുന്നതിനെക്കുറിച്ചോ, കമ്മിററിയിലുള്ള കാര്യങ്ങളുടെ പേരിലോ കേസ്സെടുക്കാൻ പാടില്ല എന്നാണ്. മാത്രമല്ല നിയമസഭാ നടപടികൾ പത്രങ്ങൾ പ്രസിദ്ധീകരിച്ചാൽ ആ പത്രങ്ങളുടെ പേരിൽ കേസ് എടുത്തുകൂടാ എന്ന് കോൺസ്റ്റിറ്റ്യൂഷനിലും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇത് ലോക്സഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്പീക്കേഴ്സ് കോൺഫറൻസിൽ എടുത്ത ഒരു തീരുമാനമാണ്. കോടതിയിൽനിന്നും സമൺസ് വന്നാൽ സ്പീക്കർ സമൺസ് കൈപ്പറ്റാൻ പാടില്ല. പക്ഷേ കോടതിക്ക് എന്തെങ്കിലും അറിയിക്കണമെന്നുണ്ടെങ്കിൽ അത് ഗവൺമെന്റിനോട് പറഞ്ഞ് ഗവൺമെന്റ് പ്ലീഡറോ അഡ്വക്കേറ്റ് ജനറലോ ആ വിവരം അറിയിക്കണം. ഇതാണ് നടപടിക്രമമെന്ന് അവിടെയും തീരുമാനിച്ചു. കോടതിയിൽ പ്രൊസീഡിംഗ്സിനെക്കുറിച്ച് തെളിവ് കൊടുക്കണമെന്നുണ്ടെങ്കിൽ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ അതിന് സ്പീക്കർക്ക് അധികാരമില്ല. സഭയാണ് തീരുമാനിക്കേണ്ടത്. സഭ സമ്മേളിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ പ്രിവിലേജസ് കമ്മിറ്റിക്ക് വിടണം. പ്രിവിലേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് സഭ അഡോപ്റ്റ് ചെയ്യും. ഇതാണ് നടപടിക്രമം. ഇതൊന്നുമറിയാതെ വിവരമില്ലാതെ ജഡ്ജിമാർ പറയുന്നത് വളരെ

സ്ഥാപനത്തിന്റേയും സാങ്റ്റിറ്റി രണ്ടുപേരും മനസ്സിലാക്കണം. അല്ലെങ്കിൽ വളരെ നിർഭാഗ്യകരമാണ്. അടുത്തകാലത്ത് മണിപ്പൂരിൽ ഒരു സംഭവം ഉണ്ടായി. സഭ കൂടിക്കൊണ്ടിരുന്നപ്പോൾ മുഖ്യമന്ത്രിക്ക് സമൺസ് അയച്ചു. സഭ കൂടിക്കൊണ്ടിരുന്നപ്പോൾ സമൺസ് അയച്ചു എന്ന ഒറ്റ കാരണത്താൽ മുഖ്യമന്ത്രി പോകരുതെന്ന് സഭ പ്രമേയം പാസ്സാക്കി. എന്നുമാത്രമല്ല ജഡ്ജിയുടെ പേരിൽ പ്രിവിലേജ് എടുക്കണമെന്നു പറഞ്ഞ് പ്രതിപക്ഷത്തുനിന്ന് ഒരു പ്രമേയം കൊണ്ടുവന്ന് യുനാനിമസ്സായി പാസ്സാക്കി. അതിന്റെ മൂന്നാമത്തെ ദിവസം കാലത്ത് പത്തു മണിക്ക് പ്രിവിലേജസ് കമ്മിറ്റിയുടെ മുമ്പാകെ ജഡ്ജി ഹാജരാകണമെന്ന് ഹൗസ് തീരുമാനിച്ചു. എന്നുമാത്രമല്ല അവിടത്തെ ഗവൺമെന്റ് ജഡ്ജിയുടെ സെക്യൂരിറ്റിയെ പിൻവലിച്ചു. ജഡ്ജി നേരെ സ്ഥലവും സംസ്ഥാനവും വിട്ടു. മുഖ്യമന്ത്രിയുടെ പേരിലുള്ള നടപടികളെല്ലാം പിൻവലിച്ചിരിക്കുന്നു, ജഡ്ജിയുടെ പേരിലുള്ള നടപടികളും പിൻവലിക്കണമെന്ന് ഹൈക്കോടതി എഴുതി. അതിനുശേഷം ചില ഉന്നതരുടെ ഇടപെടലിലാണ് അത് തീർന്നത്. ഇതുപോലുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ മേലിൽ ഉണ്ടാകുകയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു.

## <u>വ്യക്തിപരമായ വിശദീകരണം</u>

**<u>ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ</u>**: ഡോ.മോഹൻലാലിന്റെ മകളെ കാണാതായ സംഭവത്തിൽ ഞാൻ മുഖ്യമന്ത്രിയുടെ വസതിയിലേക്ക് തള്ളിക്കയറി എന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ തെറ്റിദ്ധാരണ പരത്തുന്ന ഒരു പരാമർശം നടത്തുകയുണ്ടയി. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. വ്യക്തിപരമായി ബാധിക്കുന്ന പരാമർശമായതുകൊണ്ട് അത് പിൻവലിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ. കെ. ആന്റണി)</u>:** ഈ കാര്യത്തിൽ ഞാൻ ഖേദിക്കുന്നു. എന്റെ വസതിയിൽ തള്ളി കയറി വനിതാ പോലീസിന്റെ തൊപ്പി തെറിപ്പിച്ചുവെന്ന് ഞാൻ തെറ്റിദ്ധരിച്ച് പറഞ്ഞതാണ്. പ്രൊഫസർ മീനാക്ഷി തമ്പാന്റെ നേതൃത്വത്തിൽ

നടന്ന സംഭവമാണ്. രണ്ടുപേരും ടീച്ചർമാരായതുകൊണ്ട് എനിക്ക് വന്ന അബദ്ധമാണ്. ഞാൻ അത് പിൻവലിക്കുന്നു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം സംബന്ധിച്ച ചർച്ച

(തുടർച്ച)

ക്രമ പ്രശ്നം

ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കുന്ന രേഖ ലഭ്യമാക്കണമെന്ന ആവശ്യം

**ശ്രീ. എ. കെ. ബാലൻ:** ഗവർണ്ണറുടെ പ്രസംഗത്തിൽ പതിനൊന്നാമത്തെ ഖണ്ഡികയിൽ എ. ഡി. ബി. വായ്പയെക്കുറിച്ചാണ് പരാമർശിച്ചിട്ടുള്ളത്. എ.ഡി.ബി. യിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള കരാറുകൾ വിജയകരമായി ഒപ്പിട്ടുവെന്ന് പ്രസംഗത്തിൽ പറയുന്നുണ്ട്. എ. ഡി. ബി. വായ്പയാണ് പ്രസംഗത്തിലെ അവിഭാജ്യ ഘടകം. എ. ഡി. ബി.യുമായുള്ള കരാറിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച രേഖ കിട്ടാത്തിടത്തോളംകാലം നന്ദി പ്രമേയ ചർച്ചയ്ക്ക് പ്രസക്തിയില്ല., ചർച്ചയ്ക്ക് മുൻപായി ആ രേഖ ലഭ്യമാക്കണം.

**മി. സ്പീക്കർ**: ഇതിൽ യാതൊരു പോയിന്റുമില്ല.

**ശ്രീ. ടി. പി. രാമകൃഷ്ണൻ:** നന്ദി പ്രമേയത്തെ എതിർക്കുന്നു. വികലമായ ഭരണ സംവിധാനത്തിന്റെ വികൃതമായ മുഖമാണ് നയപ്രഖ്യാപന പ്രസംഗത്തിലുടനീളം അനാവരണം ചെയ്തിട്ടുള്ളത്. യു. ഡി. എഫ്. ഗവൺമെന്റിന്റെ ജനവിരുദ്ധ നടപടികൾക്കെതിരായിട്ടാണ് കേരളത്തിലെ ജനത ജനവിരുദ്ധ പോരാട്ടം നടത്താൻ സന്നദ്ധമായത്. ഇതിന്റെ ഭാഗമായാണ് ഇന്നലെ സി. ഐ. ടി. യു. വിന്റെ നേതൃത്വത്തിൽ അഞ്ചു ലക്ഷം തൊഴിലാളികൾ ഭരണ സിരാകേന്ദ്രങ്ങൾ

ഉപരോധിച്ചുകൊണ്ട് സമരം നടത്തിയത്. കേരളത്തിലെ ജനങ്ങൾക്ക് എതിരായി യുദ്ധം പ്രഖ്യാപിച്ച് ഈ ഗവൺമെന്റ് ജനജീവിതം തന്നെ ദുസ്സഹമാക്കിക്കൊണ്ടിരിക്കുന്നു. ഗവൺമെന്റിന്റെ നിലപാടിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ കേരള സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്തി മുൻപോട്ടുപോകാൻ സാധിക്കുകയുള്ളു. ജനങ്ങളെ കണ്ണീർ കയത്തിലേക്ക് തള്ളി വിടുന്ന നിലപാടാണ് എല്ലാ മേഖലകളിലും ഗവൺമെന്റ് സ്വീകരിക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലയിൽ വൻതോതിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിൽ സംരക്ഷണം കടലാസിലും പ്രസ്താവനകളിലും മാത്രമാണുള്ളത്. കയർ, കൈത്തറി മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഒരു ദിവസം പോലും ജോലി നൽകാത്തതിന്റെ ഫലമായി മുപ്പത്തിമൂവായിരത്തോളം തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികളിൽ കുറഞ്ഞ കൂലിക്ക് പണിയെടുക്കുവാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. കൂലി വൻതോതിൽ വെട്ടിക്കുറയ്ക്കുകയും തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ഇല്ലാതാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കണം. എല്ലാ മേഖലകളിലും കയറ്റുമതി മുതലാളിമാരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ചുമട്ടുമേഖലയിൽ വലിയ പ്രതീക്ഷയാണ് നയപ്രഖ്യാപനത്തിലൂടെ നൽകുന്നത്. എല്ലാ സംഘടനകളും പുതിയ നിയമത്തിന്റെ ഉള്ളടക്കത്തെ എതിർക്കുന്നതുകൊണ്ട് ആ നിയമം പ്രാവർത്തികമാക്കാൻ ഗവൺമെന്റിന് കഴിയുകയില്ല. ആവശ്യമായ ചട്ടങ്ങൾ പോലും ആവിഷ്ക്കരിക്കാതെയാണ് കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ട്രേഡ് യൂണിയൻ നിയമ ഭേദഗതി കേരളത്തിൽ നടപ്പിലാക്കുന്നത്. നിർമ്മാണ മേഖലയിൽ ആവശ്യമായ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. മണൽ മാഫിയ സംഘങ്ങളെ ഗവൺമെന്റ് സഹായിക്കുന്നു. മണൽ ലഭ്യമാക്കാൻ ആവശ്യമായ നിലപാടുകൾ സ്വീകരിക്കണം. കരിങ്കൽ ക്വാറികളിൽ 50 ശതമാനവും സ്തംഭനാ

കൊണ്ട് ഏർപ്പെടുത്തി വരുന്ന നടപടികൾ മൂലമാണ് വൻതോതിൽ തൊഴിലവസരങ്ങൾ നഷ്ടമാകുന്നത്. കൈത്തൊഴിൽ മേഖലയിലും വലിയ തോതിലുള്ള തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോട്ടറി ടിക്കറ്റ് വിൽപ്പന തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് കാര്യക്ഷമമാക്കണം. ബാർബർ തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കണം.

**<u>ശ്രീ.കെ.ബാബു:</u>** നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ വികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കും പുതിയ ദിശാബോധം നൽകുന്ന ഗവൺമെന്റിന്റെ ശബ്ദമാണ് നയപ്രഖ്യാപന പ്രസംഗത്തിലുടനീളം കേട്ടത്. എല്ലാ മേഖലകളിലും വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പരമ്പരാഗത വ്യവസായ മേഖലയിലും തോട്ടം മേഖലയിലും ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന ഗവൺമെന്റുകൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ ആവർത്തനമാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തോട്ടം മേഖലയിൽ പട്ടിണിമരണംവരെ ഉണ്ടായി. കേരളത്തിലെ ക്രമസമാധാന രംഗം ഭദ്രമാണെന്നുള്ളതാണ് ഇതുവരെയുള്ള നിയമസഭാ ചർച്ചകളിൽനിന്ന് വ്യക്തമാകുന്നത്. കഴിഞ്ഞ 19 മാസക്കാലമായി കേരളത്തിലെ ജനങ്ങളുടെ യഥാർത്ഥ വികാരങ്ങൾ പ്രതിഫലിപ്പിക്കാത്ത രാഷ്ട്രീയ സമരങ്ങളാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. നീതിപൂർവ്വകമായ ഒരു പോലീസ് നയമാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക അച്ചടക്ക നടപടി കളിലൂടെ കേരളത്തിന്റെ റവന്യൂക്കമ്മി 16 ശതമാനത്തോളം കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് സാധിച്ചു. കഴിഞ്ഞ ഗവൺമെന്റ് കുടിശ്ശികയാക്കിയ കായിക താരങ്ങൾക്കുള്ള ക്യാഷ് അവാർഡും ലോട്ടറി ടിക്കറ്റ് സമ്മാനാർഹർക്കും ശമ്പള ഇനത്തിൽ പ്ലസ് ടൂ അദ്ധ്യാപകർക്കും കൊടുക്കേണ്ട തുകകളും ഈ ഗവൺമെന്റ്

വലിയ ആയുധം എ.ഡി.ബി വായ്പയാണ്. കേരളത്തെ അപകടത്തിലേക്ക് നയിക്കാൻ ഇടയാക്കുന്ന കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അംഗീകരിച്ച കൺസെപ്റ്റ് പേപ്പറിലേയും മറ്റും വ്യവസ്ഥകൾ നടപ്പിലാക്കാതെ കേരള സംസ്ഥാനത്തെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടിയാണ് എ.ഡി.ബി. വായ്പ എടുക്കുന്നതിന് ഈ സർക്കാർ തീരുമാനിച്ചത് എന്നുള്ള വസ്തുത പ്രതിപക്ഷം മനസ്സിലാക്കണം. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുമാത്രമേ എ.ഡി.ബി.യുമായി കരാറിൽ ഏർപ്പെടുകയുള്ളൂവെന്ന് നിയമസഭയിൽ നടക്കുന്ന തുറന്ന ചർച്ചയിൽ വ്യക്തമാകും. ''ജിം'' പ്രഖ്യാപനങ്ങൾകൊണ്ട് കേരളം രക്ഷപ്പെടുമോയെന്നുള്ള ആശങ്ക എൽ.ഡി.എഫ്.-ന് ഉണ്ട്.

**<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>**: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പുതിയ നൂറ്റാണ്ടിലെ പുതിയ വർഷത്തിൽ ഒരു പുതിയ കേരളത്തിന്റെ പുന:സൃഷ്ടിക്ക് ശക്തമായ അടിത്തറ പാകാൻ ഉതകുന്നതാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം. ''പരിഷ്ക്കരിക്കുക അല്ലെങ്കിൽ നശിക്കുക'' എന്നതാണ് കഴിഞ്ഞവർഷത്തെ നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞിരുന്നത്. സാമ്പത്തിക പരിഷ്ക്കരണത്തിലൂടെ പുരോഗതിയിലേയ്ക്ക് മുന്നേറുന്ന കേരളത്തിന്റെ ചിത്രം വരയ്ക്കുന്നതിനാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഗവർണ്ണർ ശ്രമിച്ചിട്ടുള്ളത്. സ്വകാര്യമൂലധന നിക്ഷേപത്തിന്റെയും വിദേശ നിക്ഷേപത്തിന്റെയും സഹായത്താൽ ആരംഭിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പരിഷ്ക്കാരങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ വിഭാവന ചെയ്തിട്ടുള്ളത്. സാമ്പത്തിക കമ്മിയും നികുതി കമ്മിയും കുറച്ചുകൊണ്ടുവരുന്നതിനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞ 20 മാസത്തെ ഭരണംകൊണ്ട് ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. എ.ഡി.ബി.യുമായിട്ടുള്ള കരാറിന് മുമ്പ് കേരളം ഭരിച്ച ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഇന്ന് ആ വ്യവസ്ഥകളെ ആക്ഷേപിക്കുന്നത് ശരിയല്ല. എ.ഡി.ബി.യും നെതർ ലാൻഡ്

പദ്ധതികൾ നടപ്പിലാക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ ഉറപ്പ് നൽകുന്നുണ്ട്. ആഗോള നിക്ഷേപ സംഗമത്തിലൂടെ സംസ്ഥാനത്തിന്റെ വികസനരംഗം ശ്രദ്ധേയമായി മുന്നേറുമെന്ന് സൂചന നൽകുകയുണ്ടായി. കേരള വികസന ചരിത്രത്തിന്റെ നാഴികക്കല്ലായി ''ജിം'' മാറുകയുണ്ടായി. പ്രതീക്ഷയിൽ കവിഞ്ഞ പ്രതികരണമാണ് അത് സൃഷ്ടിച്ചത്. 11,200 കോടിരൂപയുടെ 100 പദ്ധതികൾക്ക് ഇതിനകം എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ആഗോള നിക്ഷേപത്തിന്റെ വിജയകരമായ നടത്തിപ്പ് ദേശീയ നിക്ഷേപ ഭൂപടത്തിൽ സംസ്ഥാനത്തിന് പ്രമുഖ സ്ഥാനം നൽകിയിട്ടുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം നേരിടാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പുനരുജ്ജീവന പദ്ധതി ആരംഭിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, കരകൗശലം, ഖാദിഗ്രാമ വ്യവസായം തുടങ്ങിയ മേഖലകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഐ.ടി. മേഖലയും ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. ഏകീകൃത സർവ്വകലാശാലാ നിയമം വിദ്യാഭ്യാസ മേഝഝഖലയുടെ പുരോഗതിക്ക് ഗണ്യമായി സഹായിക്കും. വിദ്യാഭ്യാസ രംഗത്ത് വിപ്ളവകരമായ പുരോഗതി കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയതുവഴി സംസ്ഥാനത്തിനുള്ളിൽ 300 കോടിരൂപയുടെ നിക്ഷേപമുണ്ടാക്കാൻ സാധിച്ചുവെന്ന് മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിലേയ്ക്കുള്ള 100 കോടിരൂപയുടെ ഒഴുക്ക് തടയാനും സാധിച്ചു. പൊതുമരാമത്ത് രംഗത്ത് ബി.ഒ.ടി. അടിസ്ഥാനത്തിലും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയും നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ ഗതാഗത കാര്യങ്ങൾക്ക് ആക്കംകൂട്ടാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന ''എക്സ്പ്രസ് ഹൈവേയും ''തീരദേശ ഹൈവേ'' യും ഈ രംഗത്തുള്ള നേട്ടങ്ങളാണ്. ഖരമാലിന്യങ്ങൾ ഇന്ന് ഏറ്റവും വലിയ പ്രശ്നമായിരിക്കുന്നു. കുടുംബശ്രീ പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കാനും 162 മെഗാ വാട്ട് ശേഷിയുള്ള 62 ചെറുകിട ജലസേചന പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ

സ്ഥാപിക്കാനുമുള്ള നടപടി സ്വാഗതാർഹമാണ്. എൽ.ഐ.സി.യുടേയും നബാർഡിന്റെയും ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന 1325 കോടി രൂപയുടെ കുടിവെള്ള പദ്ധതി ജനങ്ങൾക്ക് സഹായകരമാകും. കഴിഞ്ഞ സർക്കാർ കടം വാങ്ങിയ ഭീമമായ തുക തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ നിറുത്തിവച്ചിരുന്ന ധനസഹായം പുന:സ്ഥാപിക്കാൻ നബാർഡ് സമ്മതിച്ചത് ഈ സർക്കാരിന്റെ നേട്ടം തന്നെയാണ്. വസ്തു പണയം വയ്ക്കാതെ വായ്പയെടുക്കുന്നതിന് എല്ലാ കർഷകർക്കും കിസാൻ പാസ്സ് ഏർപ്പെടുത്താനുള്ള തീരുമാനം കർഷകർക്ക് ഗുണംചെയ്യും. സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സമസ്തമേഖലകളിലും സമഗ്രമായ പുരോഗതി കൈവരിക്കാനുതകുന്നതാണ് ഈ നയപ്രഖ്യാപന പ്രസംഗം.

**ശ്രീ. കെ.പി. മോഹനൻ:** നന്ദിപ്രമേയത്തെ എതിർക്കുന്നു. ആഗോള നിക്ഷേപമെന്ന മാസ്മരിക സംഗമം കൊച്ചിയിൽ നടന്നു. അതിൽ വിദേശ കൺസൾട്ടന്റായി കൊണ്ടുവന്നത് സർക്കാരിന്റെ ബിനാമികളെയാണ്. ഭവനനിർമ്മാണ വായ്പയുടെ ഒന്നും രണ്ടും ഗഡു കൊടുത്ത പാവപ്പെട്ടവർക്ക് മൂന്നാമത്തെ ഗഡു കൊടുക്കാൻ സാധിക്കുന്നില്ല. പരമ്പരാഗതത്തൊഴിലായ കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, ഖാദി എന്നിവ പുനരുജ്ജീവിപ്പിക്കുമെന്ന് പ്രഖ്യാപനമുണ്ടായെങ്കിലും പ്രാവർത്തികമായില്ല. 44 മാസമായിട്ട് ശമ്പളം നൽകാത്ത പ്ളസ് ടു ലാബ് അസിസ്റ്റന്റുമാർക്ക് ശമ്പളം നൽകാനുള്ള സംവിധാനമുണ്ടാക്കുമെന്ന് പറഞ്ഞിട്ടില്ല.

**ശ്രീ. ജോസഫ് എം. പുതുശ്ശേരി:** നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി ചുവട് വയ്ക്കുന്നതിന്റെ പ്രകടമായ പ്രഖ്യാപനങ്ങൾ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുടനീളം കാണാൻ കഴിയും. സാമ്പത്തികരംഗത്തെ കടുത്ത അരക്ഷിതാവസ്ഥയിലും ട്രഷറി നിയന്ത്രണത്തിൽ നിന്ന് കൂടുതൽ ഇനങ്ങളെ വിമുക്തമാക്കിക്കൊണ്ട് ധനകാര്യ വകുപ്പിൽനിന്ന് ഉത്തരവ്

ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഭവനനിർമ്മാണ വായ്പയുടെ സ്തംഭനാവസ്ഥ സൃഷ്ടിച്ചതിന്റെ ഉത്തരവാദി മുൻ എൽ.ഡി.എഫ്. സർക്കാരാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'ഹഡ്കോ' യുടെ വായ്പ പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് നിശ്ചയ ദാർഢ്യത്തോടുകൂടി മുന്നോട്ടു പോകാൻ തീരുമാനിച്ചതോടുകൂടി ഈ രംഗത്ത് ചലനമുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. തുക വകമാറ്റി ചെലവഴിച്ചതുമൂലം ഭവന നിർമ്മാണ രംഗത്തുണ്ടായ സ്തംഭനാവസ്ഥ ഒഴിവാക്കി ഹഡ്കോയുടെ വായ്പ പുനഃസംവിധാനം ചെയ്ത് മുടങ്ങിക്കിടന്ന പദ്ധതികൾ ക്രമീകരിക്കാൻ കഴിഞ്ഞു. രണ്ടു ദിവസം മാത്രം പ്രായമുള്ള ഒരു ചോരക്കുഞ്ഞിനെ പെറ്റമ്മ വഴിയിൽ ഉപേക്ഷിച്ചു പോകുന്നതുപോലെയാണ് പ്രതിപക്ഷം എ.ഡി.ബി. യെക്കുറിച്ച് പറയുന്നത്. എക്സ്പ്രസ് ഹൈവേ പ്രൊപ്പോസലിന് രൂപം കൊടുത്തത് കഴിഞ്ഞ സർക്കാരാണ്. സ്വാശ്രയ കോളേജിന്റെ പേരിൽ കൂത്തുപറമ്പിൽ 5 പേരെ രക്തസാക്ഷികളാക്കിയ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇപ്പോൾ ഒരു സ്വാശ്രയ മെഡിക്കൽ കോളേജ് ആരംഭിച്ചിരിക്കുന്നു. കേരള സർക്കാരിന് മഹത്തായ ഭാവനയോടും നിശ്ചയദാർഢ്യത്തോടുംകൂടി കേരളത്തിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ ജിം–ന് കഴിയുമെന്ന പ്രതീക്ഷയോടു കൂടി കാത്തിരിക്കുന്ന ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിക്കും സർക്കാരിനും അതുമായി മുന്നോട്ടുപോകാൻ കഴിയണം.

**<u>ശ്രീ. എ. എൻ. രാജൻ ബാബു:</u>** നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള നയങ്ങളാണ് ഈ നയപ്രഖ്യാപനത്തിൽ ഉടനീളം പ്രതിഫലിക്കുന്നത്. എല്ലാ രംഗങ്ങളിലും പ്രതീക്ഷകൾ നൽകുന്ന ഗുണപരമായ മാറ്റങ്ങളോടുകൂടിയ കാർഷിക, വിദ്യാഭ്യാസ, ഐ.ടി, ടൂറിസം, കയർ, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിൽ സമഗ്ര വികസനവും പ്രതീക്ഷയും നൽകുന്ന നയപ്രഖ്യാപനമാണിത്. കാർഷിക മേഖലയിലെ വിലയിടിവ് മൂലമാണ് ഇവിടെ ജയിൽ നിറയ്ക്കൽ സമരം നടത്തിയതെന്നാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി

പറയുന്നത്. ഇടതുമുന്നണി അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോകുമ്പോൾ നാളികേരം, നെല്ല്, റബ്ബർ, ഇഞ്ചി, ഏലം, കുരുമുളക് എന്നീ നാണ്യവിളകൾക്കുണ്ടായിരുന്ന വിലയിൽ ഇപ്പോൾ ക്രമാതീതമായ വർദ്ധനവുണ്ടായി. ഒരു ക്വിന്റൽ നെല്ലിന്റെ വില 240 രൂപയിൽ നിന്ന് 840 രൂപയായി വർദ്ധിച്ചു. സാധാരണക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസം അന്യം നിന്നുപോകുന്ന രീതിയിലുള്ള വിദ്യാഭ്യാസ നയത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായി സാധാരണക്കാരന് പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിക്കത്തക്ക രീതിയിലുള്ള ഒരു വിദ്യാഭ്യാസ നയമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. യഥാർത്ഥ കുറ്റവാളികളെ കേസിൽ പെടുത്താതെ കള്ളസാക്ഷികളെ കൊടുത്ത് രക്ഷപെടുത്തുന്ന നിലവിലുള്ള സമ്പ്രദായത്തിൽ നിന്നും യഥാർത്ഥ പ്രതികളെ പിടിക്കുന്ന സാഹചര്യത്തിലേക്ക് പോലീസ് നയത്തിൽ ഈ സർക്കാർ മാറ്റം വരുത്തി. കോടിക്കണക്കിന് രൂപയ്ക്ക് കെട്ടിക്കിടന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കാനും നിലവിലുള്ള പർച്ചേസ് പോളിസിയിൽ മാറ്റം വരുത്താനും ഈ സർക്കാർ വന്നതിനുശേഷം നടപടി സ്വീകരിച്ചു. കയർ മേഖലയെക്കുറിച്ച് സമഗ്ര പഠനം നടത്താനും പ്രതിസന്ധി പരിഹരിക്കാനും 50 ശതമാനം കേന്ദ്ര സഹായത്തോടെ കയർ വിപണന സഹായത്തിനായി ഒരു ജിയോ ടെക്സ്റ്റൈൽസ് ഡെവലപ്മെന്റ് പദ്ധതി, മാർജിൻ മണി ഇൻവെസ്റ്റ്മെന്റ് സബ്സിഡി, കയർ ഉൽപ്പന്നങ്ങൾക്ക് 30 ശതമാനം ധനസഹായം, തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ നിന്നും പെൻഷൻ എന്നിവയും നടപ്പാക്കി വരികയാണ്. കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം ഒരു കയർ ഡിസ്ബേഴ്സ് ആന്റ് പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് 8 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. കയർ തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി യന്ത്രവൽക്കൃത റാട്ടുകളിൽ പരിശീലനം നൽകി വരുന്നു. വൈദ്യുതി കണക്ഷൻ ഇല്ലാത്തവർക്ക് കണക്ഷൻ നൽകാനും ചെറുകിട കർഷകർക്ക് തൊഴിൽശാലകൾ നിർമ്മിക്കാനും ഉള്ള പദ്ധതി പരിഗണിച്ചു വരികയാണ്. 1-4-2000 മുതൽ മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് സ്കീം നടപ്പിലാക്കി അതിലേക്ക് 2001-2002 സാമ്പത്തിക

വർഷത്തേക്ക് 530 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. എല്ലാ രംഗത്തും പ്രതീക്ഷ ഉളവാക്കുന്ന ഈ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ അനുകൂലിക്കുന്നു.

**<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ</u>** : നന്ദിപ്രമേയത്തെ പിൻതാങ്ങുന്നു. അന്ധൻ ആനയെ കണ്ടതുപോലെ പ്രതിപക്ഷം ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ കാണുന്നത് അപഹാസ്യമാണ്. സംസ്ഥാനത്തിന്റെ വികസന പാതയിലേയ്ക്ക് ഭാവിതലമുറയെ നയിക്കുകയാണ് നയപ്രഖ്യാപനത്തിലൂടെ ഉദ്ദേശിക്കുന്നത്. പരമ്പരാഗത മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതും കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതുമായ നയങ്ങളും നിർദ്ദേശങ്ങളുമാണ് നയപ്രഖ്യാപനത്തിലുള്ളത്. മനുഷ്യത്വപരമായ കാര്യങ്ങൾ പറഞ്ഞിട്ടുള്ള ഒരു പ്രസംഗമാണിത്. സംസ്ഥാനത്ത് ഗാന്ധിയൻ സന്ദേശങ്ങൾ അടങ്ങുന്ന കാലോചിതമായ പരിഷ്ക്കാരങ്ങൾക്ക് ഇത് വഴിയൊരുക്കും. അടിസ്ഥാന മൂല്യങ്ങളിൽനിന്നും വ്യതിചലിക്കുകയില്ലെന്നുള്ള ഗവൺമെന്റ് തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. വീർപ്പുമുട്ടുന്ന കേരളത്തിലെ ജനങ്ങളോടുള്ള യുദ്ധ പ്രഖ്യാപനം അവസാനിപ്പിക്കാനും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കാനും ഇടതുപക്ഷ ജനാധിപത്യമുന്നണി തയ്യാറാകണം. സമകാലീന വ്യതിയാനങ്ങൾ മനസ്സിലാക്കി മുന്നോട്ടുപോകുന്ന ഭരണകൂടമാണ് സംസ്ഥാനം ഭരിക്കുന്നതെന്നുള്ളത് അഭിമാനകരമാണ്. കേരളത്തിലെ ജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. പുന്നപ്ര-വയലാർ സമരം നടന്നത് ഒക്ടോബർ 31-ാം തീയതിയാണെന്നുള്ള വാർത്ത മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസിദ്ധീകരിച്ചത് തെറ്റാണ്. യഥാർത്ഥത്തിൽ ആ സംഭവം നടക്കുന്നത് ഒക്ടോബർ 24-ാം തീയതിയാണ്. പരമ്പരാഗത വ്യവസായ മേഖയിലെ കയർ, കശുവണ്ടി തുടങ്ങിയ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കണം. കാർഷിക- പരമ്പരാഗത മേഖലകളെ സംരക്ഷിക്കാൻ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിപാദിച്ചിരിക്കുന്ന നടപടികൾ സ്വാഗതാർഹമാണ്. സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ ഒരു ജനകീയ പോലീസ് നയം പ്രഖ്യാപിച്ച സംസ്ഥാന ഗവൺമെന്റിനെ

അഭിനന്ദിക്കുന്നു. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം ധീരമായ പ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന സമീപനം പ്രതിപക്ഷം ഉപേക്ഷിക്കണം. സംസ്ഥാനത്തെ ആഭ്യന്തര രംഗം ഇന്ന് അതിശക്തമാണ്. ജനങ്ങൾക്ക് ഇതുപോലെ സുരക്ഷിതത്വം ഉണ്ടായ കാലഘട്ടം മുമ്പ് ഉണ്ടായിട്ടില്ല. പോലീസിന്റെ പരാതി കേൾക്കാൻ ഒരു ഓംബുഡ്സ്മാൻ ഗവൺമെന്റ് രൂപീകരിക്കണം. സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള കോടതി വിധിയെ അതിജീവിക്കാൻ ഒരു പ്രത്യേക നിയമ നിർമ്മാണത്തിന് ഗവൺമെന്റ് തയ്യാറാകണം. പി.എസ്.സി. ഫോമിനുള്ള വില പത്ത് രൂപയായി വർദ്ധിപ്പിച്ചതിലൂടെ പബ്ളിക് സർവ്വീസ് കമ്മിഷൻ

4 .80 രൂപ കമ്മിഷൻ വാങ്ങുകയാണ്. അത്തരം തെറ്റായ നടപടി പിൻവലിച്ച് അഞ്ച് രൂപ നിരക്കിൽ വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും പി.എസ്.സി. ഫോമുകൾ വിൽക്കാനുള്ള അനുവാദം നൽകണം. ദേശീയ സമ്പാദ്യ പദ്ധതിയിൽ പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഇൻസെന്റീവ് കൊടുക്കാനും ലക്ഷ്യമിട്ടിരിക്കുന്ന 1750 കോടി രൂപയുടെ വിഭവ സമാഹരണത്തിനായി ടാർജറ്റ് 3500 കോടി രൂപയായി വർദ്ധിപ്പിക്കാനും നടപടിയുണ്ടാകണം. ജിം–ൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് ചിന്തിക്കണം. വിവിധങ്ങളായ ജനകീയ പരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടും മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും മുന്നോട്ടു നീങ്ങുന്ന സർക്കാരിന്റെ നയപ്രഖ്യാപനത്തെയും അതിനുള്ള നന്ദി പ്രമേയത്തെയും അനുകൂലിക്കുന്നു.

**ശ്രീ.എ.കെ. മണി** : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പല തടസ്സങ്ങളെയും അതിജീവിച്ചുകൊണ്ടാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ 20 മാസക്കാലം ഭരണം നടത്തിയത്.. പല സംസ്ഥാനങ്ങൾക്കും വരുമാനമുണ്ടായിട്ടും ശമ്പളം കൊടുക്കാത്ത സാഹചര്യം നിലനിൽക്കുമ്പോൾ കേരള സർക്കാർ മുടക്കം കൂടാതെ ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് പോലീസ് വകുപ്പിൽനിന്നും എല്ലാ വിഭാഗക്കാർക്കും ഒരുപോലെ നീതി

പാടേ നിലച്ചിരിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിനെ അപേക്ഷിച്ച് വിദ്യാഭ്യാസ വകുപ്പിൽ വലിയ മാറ്റം ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഹയർ സെക്കന്ററി കോഴ്സുകളും എഞ്ചിനിയറിംഗ്, മെഡിക്കൽ കോളേജുകളും അർഹതപ്പെട്ടവർക്ക് യാതൊരു വിവേചനവും കൂടാതെ നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. ആരോഗ്യമേഖലയിൽ ഹെൽത്തി സിസ്റ്റം പ്രോജക്ട് നടപ്പിൽ വരുത്തുന്നതിന് 51 കോടി രൂപയുടേയും മെഡിക്കൽ കോളേജുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി 121 കോടി രൂപയുടേയും പദ്ധതികൾ ലോകബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയുർവ്വേദമേഖലയിലും ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിനുവേണ്ടി 75000 രൂപ വീതം കൊടുത്തു. ഭൂമി ഇല്ലാത്ത ആദിവാസികൾക്ക് ഭൂമി പതിച്ചു കൊടുക്കൽ ഉൾപ്പടെ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഇല്ലാത്ത തരത്തിലുള്ള വിപ്ളവകരമായ മുന്നേറ്റമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ട്രാൻസ്പോർട്ട്, റോഡ് സൗകര്യങ്ങൾ തുടങ്ങി എല്ലാ മേഖലയിലും വൻ മുന്നേറ്റമാണ് ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് സി.പി.ഐ. (എം) സി.പി.ഐ തുടങ്ങി ഇടതുപക്ഷ കക്ഷികൾ ഈ സർക്കാരിന് നന്ദി പറയാൻ ബാദ്ധ്യസ്ഥരാണ്. ഇവിടെ ഒരു സമാധാന അന്തരീക്ഷം സൃഷ്ടിക്കാൻ മുൻകൈ എടുത്ത മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും ആശംസകൾ നേർന്നുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**<u>ശ്രീ. വി.സി. കബീർ</u>**: നന്ദിപ്രമേയത്തെ എതിർക്കുന്നു. ജിം-ന്റെ പേരിൽ വീമ്പടിക്കുന്നവർ പരമ്പരാഗത-കാർഷിക വ്യവസായ മേഖലകളാകെ തകർക്കുന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കഴിഞ്ഞ ഓണക്കാലത്ത് സംഭരിച്ച തുണികളുടെ വിലയും റിബേറ്റ് കുടിശ്ശികയും കൊടുക്കാൻ സാധിച്ചിട്ടില്ല. ഹാൻടെക്സിന് അർഹതപ്പെട്ട പണം അടിയന്തിരമായി

തീരുമാനമെടുത്തത് അങ്ങേയറ്റം പാപമാണ്. ജനങ്ങൾ അതിനെതിരെ പോരാട്ടവുമായി മുന്നോട്ടുവന്നിരിക്കുകയാണ്. കൃഷിക്ക് വെള്ളമെത്തിക്കാൻ കഴിയാത്തതിനാൽ ഏക്കർ കണക്കിന് കൃഷിഭൂമി ഉണങ്ങി നശിച്ചിരിക്കുകയാണ്. പാലക്കാട് ജില്ലയിൽ അതിരൂക്ഷമായ കുടിനീർ ക്ഷാമവുമുണ്ട്. കൊക്കോകോളാ, പെപ്സി തുടങ്ങിയ വൻകിട കമ്പനികൾ കുഴൽക്കിണറുകളിൽ നിന്നും വെള്ളമെടുക്കുന്നതിനാൽ ചിറ്റൂർ താലൂക്കിൽ ടാങ്കർ ലോറികളിലാണ് വെള്ളമെത്തിക്കുന്നത്. അതിനാൽ പ്രസ്തുത കമ്പനികൾ അമിതമായി ജലം ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തണം.

**<u>ശ്രീ. എം.എ. വാഹിദ്</u>** : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. പതിനൊന്നാം കേരള നിയമസഭയിൽ മുഖ്യമന്ത്രി വൈറ്റ് പേപ്പറും പ്രതിപക്ഷനേതാവ് ബദൽ പേപ്പറും അവതരിപ്പിക്കാനിടയായി. സർക്കാർ ഉദ്യോഗസ്ഥന്മാർ മുതൽ ബലാൽസംഗങ്ങൾ വരെ സമരമുഖത്തിലെത്തിയെങ്കിലും അനുരഞ്ജനത്തിന്റെയും സമന്വയത്തിന്റെയും സമവായത്തിന്റെയും നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചത്. കേരളത്തിൽ വ്യവസായ വളർച്ചയ്ക്ക് വേദിയൊരുക്കാനായി സംഘടിപ്പിച്ച ജിം–നെ പ്രതിപക്ഷം ഭാഗികമായി അംഗീകരിച്ചു. ഇരുപത്താറായിരം കോടി രൂപയുടെ നിക്ഷേപവുമായി വ്യവസായികൾ കേരളത്തിലെത്തിയത് ഒരു നല്ല തുടക്കം തന്നെയാണ്. എ.ഡി.ബി. അറുനൂറുകോടിയിൽപ്പരം രൂപയുടെ വായ്പ കേരളത്തിനു നൽകിയത് ശ്രദ്ധേയമാണ്. ജനങ്ങളുടെ പിൻതുണയില്ലാത്ത ജനകീയാസൂത്രണമാണ് മുൻ സർക്കാരിന്റെ കാലത്ത് നടന്നത്. പഴയതുപോലെ ജനകീയ കമ്മിറ്റികളെ കൊള്ളയടിക്കാനുള്ള സങ്കേതങ്ങളായി പഞ്ചായത്തുകൾ മാററുത്. പകരം നിർമ്മാണ പ്രവർത്തനങ്ങളിലൂടെ തൊഴിലവസരങ്ങൾ നൽകിക്കൊണ്ടുള്ള കേരള വികസന പദ്ധതിയെ ചെറുതായി കാണാൻ പാടില്ല. ജനകീയാസൂത്രണ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിവിശേഷത്തിലെത്തിച്ചത് കഴിഞ്ഞ സർക്കാരാണ്. ഗ്രാമങ്ങളെയും

സംസ്ഥാനത്തെയും സമ്പുഷ്ടമാക്കാനുള്ള ബൃഹത്തായ പദ്ധതികൾ ഗവർണ്ണറുടെ പ്രസംഗത്തിലുണ്ട്. നാടിന്റെ പുരോഗതിക്കും 47 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാരുടെ ആഗ്രഹങ്ങൾ സഫലീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ നയപ്രഖ്യാപന പ്രസംഗം.

<u>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:**</u> നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ദിശാബോധമുള്ള ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയും ദൃഢനിശ്ചയവുമാണ് ഗവർണ്ണറുടെ പ്രസംഗത്തിലൂടെ സഭയിൽ മുഴങ്ങി കേട്ടത്. കേരളത്തെ ശരിയായ വഴിക്ക് നയിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നാണ് അതിലൂടെ തെളിയുന്നത്. ഭരണയന്ത്രത്തെ ഉടച്ചുവാർക്കാതെ മുന്നോട്ടുപോകാൻ കഴിയുകയില്ല. പഴയ സിവിൽ സർവ്വീസിനേയും പോലീസ് സേനയേയും നവീകരിക്കാനുള്ള ഈ സർക്കാരിന്റെ ആത്മാർത്ഥമായ ശ്രമങ്ങളെ പിൻതാങ്ങുകയാണ്. പോലീസ് സേനയെ പരിഷ്ക്കരിക്കാനും നവീകരിക്കാനും മുഖ്യമന്ത്രി നടത്തുന്ന ശ്രമങ്ങളെ അംഗീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രാഷ്ട്രീയ പ്രതിയോഗികളെ പീഡിപ്പിക്കാനാണ് വിജിലൻസ് ഡിപ്പാർട്ടുമെന്റിനെ ഉപയോഗിച്ചിരുന്നത്. യഥാർത്ഥ അഴിമതിക്കാരായ ആളുകളെ വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവന്നിരുന്നില്ല. എന്നാൽ ഇപ്പോൾ 'ഓപ്പറേഷൻ രാഗിണി' പ്രകാരം നമ്മുടെ സംസ്ഥാനത്തിലെ രജിസ്ട്രേഷൻ ഓഫീസുകളിലെ അഴിമതി ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. ഉദ്യോഗസ്ഥ തലത്തിലെ അഴിമതി അവസാനിപ്പിക്കാനുള്ള ദൃഢനിശ്ചയത്തോടുകൂടി വിജിലൻസ് വിഭാഗം മുൻപോട്ടു നീങ്ങുകയാണ്. സർക്കാർ സർവ്വീസിലും പൊതു രംഗത്തുമുള്ള അഴിമതി അവസാനിപ്പിക്കണം. പ്രതിപക്ഷം എ. ഡി. ബി. ലോണിനെയും ആഗോളനിക്ഷേപത്തെയും ഇന്റർ സ്റ്റേറ്റ് ഡിസ്പ്യൂട്ടിലെ വ്യവസ്ഥകളേയും എതിർക്കുന്നത് സ്വന്തം കുട്ടികളെ തള്ളിപ്പറയുന്ന അവസ്ഥയ്ക്ക് തുല്യമാണ്. പൊതുജനാരോഗ്യരംഗത്ത് സർക്കാർ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. സർക്കാരിന് ആ

കാര്യത്തിൽ മുതൽ മുടക്കാൻ പണം ഇല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയെ പങ്കെടുപ്പിച്ച് കാര്യങ്ങൾ ഭംഗിയായി ചെയ്യാൻ ശ്രമിക്കണം.'ജിം' പ്രതീക്ഷയുടെ അവസാനത്തെ കേന്ദ്രമായി മാറിയിരിക്കുന്നു. പത്തു ലക്ഷത്തോളം വരുന്ന മൽസ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗമാണ് അറേബ്യൻ കടൽ. അതുകൊണ്ട് കടൽ മണൽ ഖനന കാര്യത്തിൽ സർക്കാർ വളരെ ആലോചിച്ചുമാത്രമേ തീരുമാനമെടുക്കാവൂ. കയർ മേഖലയെ നവീകരിക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുൻപോട്ടു പോകുന്നുവെന്നുള്ളത് ശ്ലാഘനീയമാണ് കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന കാര്യം ജിം അരക്കിട്ട് ഉറപ്പിച്ചുകഴിഞ്ഞു. വൈദ്യുതി മേഖലയിൽ അടിയന്തിരമായി പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയില്ലെങ്കിൽ കേരളം ഇരുട്ടിലാകുകയും പൊതു വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഈ രാജ്യത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാനും അതിന് പിന്തുണ നൽകാനും പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. സി. മൊയിൻകുട്ടി</u>: നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. പതിനായിരക്കണക്കിന് കടബാദ്ധ്യത സംസ്ഥാനത്ത് നിലനിന്ന ഒരു സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരമേറ്റത്. 20 മാസക്കാലത്തെ ഭരണത്തിന്റെ ഫലമായി മെച്ചപ്പെട്ട സാമ്പത്തിക മാനേജുമെന്റ് സ്വായത്തമാക്കിയിരിക്കുന്നു. ഈ ഗവൺമെന്റിന്റെ പോലീസ് നയത്തിൽ ഭയാശങ്ക കൂടാതെയും സമാധാനപരമായും സഹവർത്തിത്വം ഉറപ്പുവരുത്തുന്ന മുന്നേറ്റം ദൃശ്യമാകുന്നു. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളേയും വിശ്വാസത്തിലെടുത്തുകൊണ്ട് പ്രതികാരവാഞ്ച കൂടാതെയുള്ള ശ്രീ. ആന്റണിയുടെ മുന്നേറ്റത്തെ ആർക്കും തടുക്കാൻ കഴിയുകയില്ല. തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന അരക്ഷിതാവസ്ഥയ്ക്ക് ഇന്ന് മാറ്റം വന്നിരിക്കുന്നു. സംസ്ഥാനത്തിന്റെ യഥാർത്ഥ പശ്ചാത്തലം വിലയിരുത്തുന്ന വ്യവസായ സംരംഭകർ കേരളത്തിൽ കൂടുതൽ പണം മുടക്കാൻ തയ്യാറാകുന്ന അവസ്ഥ സംജാതമായിരിക്കുന്നു. കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ പ്രതിപക്ഷം

തയ്യാറാകണം. വ്യവസായ വകുപ്പുമന്ത്രിയുടെ നിരന്തരമായ അർപ്പണബോധത്തിന് ഉദാഹരണമാണ് 'ജിം'. അതിലൂടെ 11,500 കോടി രൂപയുടെ എം. ഒ. യു ഒപ്പിട്ടു. 26,000–ത്തിൽപ്പരം കോടി രൂപയുടെ മറ്റു കരാറുകൾക്ക് ധാരണയായി. സമസ്ത മേഖലകളിലും വ്യവസായ മുന്നേറ്റം ഉറപ്പുവരുത്താൻ കഴിയുംവിധം സ്വയം സാക്ഷ്യപ്പെടുത്തൽ പദ്ധതിയും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സ്വാതന്ത്ര്യവും തൊഴിൽ സംരംഭകർക്ക് അനുവദിച്ചത് ആശ്വാസം പകർന്നിരിക്കുകയാണ്. സർക്കാരിന്റേയും മറ്റു ഏജൻസികളുടേയും ബോണ്ടുകൾക്ക് രാജ്യത്ത് നല്ല പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. വ്യാവസായിക വാണിജ്യ ഡയറക്ടറേറ്റ് പുന:സംഘടിപ്പിക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. കേരളത്തിന്റെ തനിമയുള്ള പരംപരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്ക് സമഗ്രമായ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്ക്കരിക്കണം. നവീന സാങ്കേതിക വിദ്യകൾ തൊഴിലാളികളെ പഠിപ്പിക്കണം. കാർഷികോൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ച് നെല്ലിന് മെച്ചപ്പെട്ട വില കിട്ടണം. അടയ്ക്കാ കൃഷിക്കാരുടെ രക്ഷയ്ക്ക് അടിയന്തിര സമാശ്വാസ പദ്ധതികൾ നടപ്പിലാക്കണം.. വിദ്യാഭ്യാസ രംഗത്ത് പുതുതായി പ്ളസ് ടു അനുവദിച്ചപ്പോൾ മലബാർ മേഖലയെ അവഗണിച്ച കഴിഞ്ഞകാല അനുഭവത്തിന് മാറ്റം വന്നിരിക്കുന്നു അർഹരായവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതുതായി അനുവദിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടു വന്നിരിക്കുന്നത് സ്വാഗതാർഹമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ വികസന പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. കോടിക്കണക്കിന് രൂപ സ്വന്തം മണ്ഡലങ്ങളിലെ വികസനത്തിനും മറ്റുമായി ഭരണകക്ഷിക്കാർ ചെലവഴിച്ചിരുന്നു. മുഴുവൻ ജനപ്രതിനിധികളെയും ഒന്നായി കാണുന്ന സമീപനമാണ് ഈ സർക്കാർ കൈക്കൊണ്ട് വരുന്നത്. കരിഞ്ചന്തക്കാരേയും കാട്ടുകള്ളന്മാരേയും തുറുങ്കിലടയ്ക്കുന്ന നയസമീപനമാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്.

<u>**ശ്രീ. കെ.പി. രാജേന്ദ്രൻ:**</u> നന്ദി പ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയ

വ്യതിയാനം വളരെ പ്രകടമായി കാണാം. കോൺഗ്രസിന്റെ ദേശീയ നയം എന്താണെന്ന് മുഖ്യമന്ത്രി മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണം. കോൺഗ്രസ് തകർന്നു പോകണമെന്ന് പ്രതിപക്ഷം ആഗ്രഹിക്കുന്നില്ല. മതേതര ശക്തികൾ ഒന്നിച്ചുനിന്നുകൊണ്ട് വർഗ്ഗീയ ഫാസിസത്തിനെതിരായി പോരാടേണ്ട സന്ദർഭത്തിൽ യു.പി.യിലും ഗുജറാത്തിലും കോൺഗ്രസ് ദുർബലമായിക്കൊണ്ടിരിക്കുന്നു. ഈ കാര്യത്തെക്കുറിച്ച് കോൺഗ്രസ് വളരെ ഗൗരവമായി ചിന്തിക്കണം. കോൺഗ്രസ് അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം ഉപേക്ഷിക്കണം. ജിം–നെക്കുറിച്ചുള്ള പ്രതിപക്ഷത്തിന്റെ നിലപാട് മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു എന്ന നിലയിൽ കണക്ക് കൂട്ടുന്നത് ശരിയല്ല. കേരളത്തിന്റെ വികസനത്തിനെതിരായി ഇടതുപക്ഷ മുന്നണിയോ, മറ്റ് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളോ നിലകൊള്ളുകയില്ല. സംസ്ഥാനത്തിന്റെ പൊതു വികസനത്തിന് ഇടതുപക്ഷ ജനാധിപത്യമുന്നണി എതിരാളികളും ഐക്യജനാധിപത്യ മുന്നണി സംരക്ഷകരുമാണെന്ന പ്രചരണം അവസാനിപ്പിക്കണം. ജിം–നെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഉണ്ടാക്കിയ ധാരണാപത്രങ്ങളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ തുറന്നു കാണിക്കാം. യു.ഡി.എഫ്. സർക്കാരിന്റെ പോലീസ് നയത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ് ഐ. പൂർണ്ണമായും നയപ്ര്യാപനത്തെക്കുറിച്ചുള്ള ചർച്ച ബഹിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത്. ജനകീയ സമരങ്ങളെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് എല്ലാം ജിം–ലും എ.ഡി.ബി.യിലും ഒതുക്കി നിർത്തുന്ന പ്രവണത അവസാനിപ്പിക്കണം.

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമസ്ത പുരോഗതിക്കുവേണ്ടിയുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ ഇവിടെ നടത്തിയിട്ടുള്ളത്. കഴിഞ്ഞകാല ഗവൺമെന്റുകളിൽനിന്നും വ്യത്യസ്തമായ നയ സമീപനം സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. യു.ഡി.എഫ് ഭരണകാലത്ത് കേരളത്തിന്റെ ക്രമസമാധാനനില വളരെ

ഭദ്രമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് ഒരു സഭാംഗത്തിനുപോലും 'ഇസഡ്' കാറ്റഗറി പ്രൊട്ടക്ഷനില്ലാതെ യാത്രചെയ്യാൻ കഴിയുമായിരുന്നില്ല. എന്നാൽ ഇപ്പോൾ അങ്ങനെയൊരു സാഹചര്യവുമുണ്ടായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാഴ്ചപ്പാട് എൽ.ഡി.എഫ്. ഗവൺമെന്റിന്റേതിൽനിന്നും വളരെ വ്യത്യസ്തമാണ്. കേരളത്തിന്റെ വികസനമാണ് യു.ഡി.എഫ് ന്റെ ലക്ഷ്യം. അത് സാക്ഷാത്ക്കരിക്കപ്പെടാൻ പോകുന്നു. സംസ്ഥാനത്തിന് വരുമാനം ഉണ്ടാക്കിത്തരുന്ന ടൂറിസം മേഖലയെ പോലും വിൽക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് മുൻ ഗവൺമെന്റ് നടത്തിയിരുന്നത്. എ.ഡി.ബി.യുമായി ചേർന്ന് കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റ് തയ്യാറാക്കിയ കരാർ ഈ ഗവൺമെന്റ് തുടരുക മാത്രമാണ് ചെയ്തത്. കേരളത്തിന്റെ താല്പര്യം പരിരക്ഷിക്കുന്നതിനും സമസ്ത മേഖലകളുടേയും വികസനത്തിനും ഊന്നൽ നൽകുന്നതാണ് ഈ നയപ്രഖ്യാപനം.

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>**: നന്ദി പ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപനത്തിലെ പല ഖണ്ഡികകളും അവ്യക്തത നിറഞ്ഞതാണ്. വിവിധ രാഷ്ട്രീയ കക്ഷിനേതാക്കളുടെ അഭിപ്രായ രൂപീകരണ സമന്വയമില്ലാത്ത വിവിധ തരത്തിലുള്ള പ്രസ്താവനകൾ ദിവസവും പത്രങ്ങളിലൂടെ വന്നുകൊണ്ടിരിക്കുന്നതുതന്നെ ഈ ഗവൺമെന്റിന്റെ ഒത്തൊരുമയില്ലായ്മയ്ക്ക് തെളിവാണ്. എ.ഡി.ബി. മുന്നോട്ടുവച്ച നിബന്ധനകളിൽ പലതിനോടും യോജിപ്പില്ലാതിരുന്നതുകൊണ്ടാണ് മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വായ്പയെടുക്കാൻ തയാറാകാത്തത്. മതേതര മൂല്യങ്ങളെ തകർക്കുന്ന വിധത്തിലുള്ള നടപടികൾ ഒരു ഗവൺമെന്റിനും ഭൂഷണമല്ല. കേന്ദ്രത്തിൽ നിന്നും പതിനായിരം കോടി രൂപ നൽകാമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനം കേരളത്തിന് അർഹതപ്പെട്ടത് മാത്രമാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനുവേണ്ടി പ്രഖ്യാപിക്കുന്ന പ്രത്യേക പദ്ധതികളും ധനസഹായവും കേന്ദ്രത്തിൽനിന്ന് നേടി എടുക്കുന്ന കാര്യത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് പ്രതിപക്ഷവുമായി സമവായം ഉണ്ടാക്കണം. 'ജിം' ലൂടെ

പൊതുസമ്പത്തായ പൊതുമേഖലാ സ്ഥാപനങ്ങളെ വിൽപ്പന നടത്തി സ്വകാര്യ മുതലാളിമാരെ ഏൽപ്പിക്കുന്നതിനോടാണ് പ്രതിപക്ഷത്തിന് എതിർപ്പുള്ളത്. മലമ്പുഴയിലേയും പെരിയാറിലേയും ജലം വിൽപ്പന നടത്താൻവേണ്ടി ക്ഷണിച്ച ടെന്റർ റദ്ദാക്കണം. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് പിന്തുണ നൽകാൻ പ്രതിപക്ഷം തയ്യാറാണ്. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ജനങ്ങൾക്ക് വളരെയേറെ പ്രയോജനം ചെയ്ത ജനകീയാസൂത്രണം., സാക്ഷരതാ പ്രസ്ഥാനം പോലുള്ള പദ്ധതികളോടുപോലും അന്നത്തെ പ്രതിപക്ഷത്തെ കോൺഗ്രസ് ഉൾപ്പെടെയുള്ള ചില കക്ഷികൾ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. 'ജിം'ൽ പ്രതിപക്ഷം സ്വീകരിച്ച സഹകരണാത്മകമായ നിലപാടിനെക്കുറിച്ച് ഒരുവാക്കുപോലും നയപ്രഖ്യാപന പ്രസംഗത്തിൽ പറയാത്തത് ഖേദകരമാണ്. കേരളത്തിലെ ക്രമസമാധാനരംഗം ഭദ്രമാണെന്നുള്ള ഭരണപക്ഷത്തെ അവകാശവാദം വസ്തുതകൾക്ക് നിരക്കുന്നതല്ല. ഈ ഗവൺമെന്റിന്റെ പോലീസ് നയത്തെക്കുറിച്ച് ഏറ്റവും കൂടുതൽ വിമർശനങ്ങൾ ഉണ്ടായിട്ടുള്ളത് ഭരണപക്ഷത്തുനിന്നാണെന്ന് പത്രവാർത്തകൾ പരിശോധിച്ചാൽ മനസ്സിലാകും. പോലീസ് നിഷ്പക്ഷമായി പ്രവർത്തിക്കുന്നില്ല. ജനങ്ങൾക്ക് ആവശ്യമായ സംരക്ഷണം പോലീസിന്റെ ഭാഗത്തുനിന്ന് ലഭിക്കുന്നില്ല. ക്രമസമാധാന രംഗത്ത് ഇത്രയേറെ പരാജയപ്പെട്ട ഒരു കാലഘട്ടം കേരളചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല. ആദിവാസികൾ പട്ടിണികൊണ്ട് മരിക്കുകയും കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. പാവപ്പെട്ട ജനവിഭാഗങ്ങളുടെ കാര്യത്തിൽ ജപ്തിനടപടികൾ സ്വീകരിക്കുമ്പോൾ അവരുടെ വീടുകൾകൂടി ജപ്തിനടപടികൾക്ക് വിധേയമാക്കുന്നത് ഒഴിവാക്കണം. പോലീസ് വകുപ്പിൽ 600 ഡ്രൈവർമാരെ നേരിട്ട് നിയമിക്കാനുള്ള നീക്കം അഴിമതിക്ക് വഴിവയ്ക്കുമെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ട് ഒരു പുനരാലോചന നടത്തണം. സാധാരണക്കാർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട

തുകയും പദ്ധതിച്ചെലവു കൾക്കുള്ള തുകയും കൊടുക്കാതെ റവന്യൂക്കമ്മി ചുരുക്കി എന്നുള്ള ഗവൺമെന്റിന്റെ അവകാശവാദം വസ്തുതകൾക്ക് നിരക്കാത്തതാണ്. ജനങ്ങൾക്കെതിരായ പ്രഖ്യാപന ങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. ഈ ഗവൺമെന്റ് ചെയ്യുന്ന തെറ്റായ കാര്യങ്ങളെ എതിർക്കുകയും നല്ല കാര്യങ്ങളെ അനുകൂലിക്കുകയും ചെയ്യുന്ന നിലപാടാണ് പ്രതിപക്ഷത്തിനുള്ളത്.

സഭ ഉച്ചയ്ക്കുശേഷം 1.42–ന് പിരിഞ്ഞു.

.................